ണവും പീഡനവും അവസാനിപ്പിക്കാൻ വേണ്ടി ജുവനൈൽ കോടതികൾക്കോ ജുവനൈൽ വെൽഫെയർ ബോർഡുകൾക്കോ സ്വമേധയാ നടപടി സ്വീകരിക്കാൻ അധികാരം നൽകുന്ന കാര്യം പരിശോധിച്ചതിനു ശേഷമേ പറയാൻ സാധിക്കുകയുള്ളൂ.

ചെറുകിട വ്യവസായ പാർക്കുകളുടെ നിർമ്മാണം

7(*97)ശ്രീ.സത്യൻ മൊകേരി :

ശ്രീ.കെ.പി.രാജേന്ദ്രൻ :

ശ്രീ.എം.നാരായണൻ :

ശ്രീ.പി.നാരായണൻ :

ശ്രീ.സി.എൻ.ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര ചെറുകിട വ്യവസായ പാർക്കുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; അവ ഏതെല്ലാം;

(ബി) ചെറുകിട വ്യവസായ പാർക്കുകളുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ചെറുകിട വ്യവസായ പാർക്കിനും ഇതുവരെ സഹായമായി എന്തു തുക നൽകി; ഇതിൽ കേന്ദ്ര സഹായമായി എന്തു തുക ലഭിച്ചു;

(ഡി) ഇനി എത്ര വ്യവസായ പാർക്കുകൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; അവ ഏതെല്ലാം?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കിൻഫ്രായുടെ ചെറുകിട വ്യവസായ പാർക്കുകളിൽ തിരുവനന്തപുരത്ത് തുമ്പയിലും എറണാകുളത്ത് മഴുവന്നൂരിലും കാസർഗോഡ് ശീതാങ്കോലിയിലും കണ്ണൂർ തലശ്ശേരിയിലും പണിപൂർത്തിയായി. മലപ്പുറത്തുള്ള ചെറുകിട വ്യവസായ പാർക്കിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

(ബി) സംസ്ഥാനത്തുള്ള ചെറുകിട വ്യവസായ സംരംഭകരെ ആകർഷിച്ച് കിൻഫ്രായുടെ വ്യവസായ പാർക്കുകളിൽ വ്യവസായം തുടങ്ങുന്നതിന് അവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുകയാണ് ലക്ഷ്യം. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീമിനു കീഴിലുള്ള പദ്ധതിയാണ് കിൻഫ്രാ ഇത് ചെയ്തു വരുന്നത്. ഒരു നിയോജകമണ്ഡലത്തിൽ ഒരു പാർക്ക് എന്ന പദ്ധതി പ്രകാരം അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നതേയുള്ളൂ. ചെറുകിട വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക. അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുക, ഉൽപ്പന്നങ്ങൾ സിഡ്കോ വഴി വിറ്റഴിക്കുക, ചെറുകിട വ്യവസായങ്ങളെ പുനരുദ്ധരിക്കുക, ബിൽ ഡിസ്കൗണ്ടിംഗ് പദ്ധതി പ്രകാരം പ്രവർത്തന മൂലധനം ലഭ്യമാക്കുക തുടങ്ങി ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്കു വഴിയൊരുക്കുക എന്നീ ലക്ഷ്യങ്ങളാണ് സിഡ്കോയ്ക്ക് ഉള്ളത്.

(സി) കിൻഫ്രായുടെ പാർക്കുകളെ സംബന്ധിച്ച വിവരം

(1) ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സഹായം : 418 ലക്ഷം
കേന്ദ്ര സഹായം : 194 ലക്ഷം

(2) ചെറുകിട വ്യവസായ പാർക്ക്, എറണാകുളം
സംസ്ഥാന സഹായം : 409 ലക്ഷം
കേന്ദ്ര സഹായം : 49.6 ലക്ഷം

(3) ചെറുകിട വ്യവസായ പാർക്ക്, മലപ്പുറം
സംസ്ഥാന സഹായം : 352 ലക്ഷം
കേന്ദ്ര സഹായം : 100 ലക്ഷം

(4) ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി
സംസ്ഥാന സഹായം : 635.5 ലക്ഷം
കേന്ദ്ര സഹായം : 100 ലക്ഷം

(5) ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ്
സംസ്ഥാന സഹായം : 342 ലക്ഷം
കേന്ദ്ര സഹായം : -

(6) ചെറുകിട വ്യവസായ പാർക്ക്, വയനാട്
സംസ്ഥാന സഹായം : 283 ലക്ഷം
കേന്ദ്ര സഹായം : -

സിഡ്കോയെ സംബന്ധിച്ച വിവരം

സിഡ്കോയ്ക്ക് 55 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കേന്ദ്ര സഹായം ഇല്ല.

(ഡി) തൃശ്ശൂരിലെ കൊരട്ടിയിലും, പത്തനംതിട്ട ജില്ലയിലെ കുന്നം താനത്തും ചെറുകിട പാർക്കുകൾ തുടങ്ങുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

ബേബി ബാഗ് സംവിധാനം

8(*98)ശ്രീ.എം.പി.വർഗ്ഗീസ് :
ശ്രീ.സി.പി.ബാലൻ വൈദ്യർ :
ശ്രീ.ടി.കെ.നൗഷാദ് :
ശ്രീ.വർഗ്ഗീസ് വൈദ്യർ :
ശ്രീ.എൻ.ആർ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ ക്ഷേമം മുൻനിറുത്തി എന്തെങ്കിലും പുതിയ പദ്ധതി ആരംഭിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന ശിശുക്ഷേമസമിതി ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾക്കായി ഈയിടെ ബേബി ബാഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) 'ബേബി ബാഗ്' സംവിധാനം മറ്റ് ജില്ലകളിൽ കൂടി ഏർപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെ

LIBRARY ARCHIVES Kerala Legislative Assembly